**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജൽ ജീവൻ മിഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷന്റെ പൂർത്തീകരണത്തിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാനത്ത് ഗ്രാമീണമേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ പദ്ധതി. 2019-20 വർഷം ദേശീയ തലത്തിൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020 ഒക്ടോബറിലാണ്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 54.45 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 44714.79 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി ആരംഭിക്കുന്ന സമയത്ത് കേവലം 17.50 ലക്ഷം (25.06%) ഭവനങ്ങളിൽ മാത്രമാണ് കണക്ഷനുകൾ ഉണ്ടായിരുന്നത്. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ സംസ്ഥാനത്ത് 21.13 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകിയ കണക്ഷനുകൾ ഉൾപ്പെടെ നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെ 38.62 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നിലവിലുള്ളത്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 55.31 ശതമാനമാണ്. |

ഗ്രാമീണ മേഖലയിലെ എല്ലാ സ്കൂളുകൾക്കും അങ്കണവാടികൾക്കും ശുദ്ധവും സുരക്ഷിതവുമായ കുടിവെള്ള സൗകര്യം ഒരുക്കിയത് ഈ പദ്ധതിയിലൂടെയുള്ള സംസ്ഥാനത്തിന്റെ നേട്ടമാണ്.

2020 ഏപ്രിലിൽ 100 ശതമാനം കവറേജുള്ള പഞ്ചായത്തുകൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, ഇപ്പോൾ സംസ്ഥാനത്തെ 117 പഞ്ചായത്തുകൾ 100 ശതമാനം കവറേജ് കൈവരിച്ചു.

ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപ് 50 ശതമാനത്തിനു മുകളിൽ കവറേജ് ഉണ്ടായിരുന്ന പഞ്ചായത്തുകൾ 116 ആയിരുന്നു. ഇപ്പോൾ അത് നൂറു ശതമാനം കവറേജ് കൈവരിച്ച പഞ്ചായത്തുകളുൾപ്പെടെ 525 ആണ്.

ഏപ്രിൽ 2020-ൽ, 25 ശതമാനത്തിൽ താഴെ വീട്ടുകളിൽ മാത്രം കുടിവെള്ള സൗകര്യമുള്ള പഞ്ചായത്തുകളുടെ എണ്ണം 517 ആയിരുന്നു. ഇപ്പോൾ അത് 200 ആയി കുറഞ്ഞിട്ടുണ്ട്.

ജൽജീവൻ മിഷൻ ആരംഭിക്കുന്നതിന് മുൻപ് 25 ശതമാനത്തിൽ താഴെ വീട്ടുകളിൽ കുടിവെള്ള സൗകര്യമുള്ള നിയമസഭാ മണ്ഡലങ്ങളുടെ എണ്ണം 82 ആയിരുന്നു. ഇപ്പോൾ അത് 12 ആയി കുറഞ്ഞിട്ടുണ്ട്. 2020 ഏപ്രിലിൽ 100 ശതമാനം കവറേജ് ഉള്ള നിയമസഭാ മണ്ഡലങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, ഇപ്പോൾ 9 നിയമസഭാ മണ്ഡലങ്ങൾ 100 ശതമാനം കവറേജ് കൈവരിച്ചു.

ജലഗുണനിലവാര നിരീക്ഷണവും മേൽനോട്ടവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 84 ജല ഗുണനിലവാര പരിശോധന ലബോറട്ടറികൾക്ക് NABL അംഗീകാരം ലഭിച്ചിട്ടുണ്ട്. വിവിധ സ്കീമുകളിലായി 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികൾ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

ഇതുവരെ 5610.30 കോടി രൂപ കേന്ദ്ര വിഹിതമായും 6033.29 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 11643.59 കോടി രൂപ). ഈ തുക മുഴുവൻ ചിലവഴിച്ചിട്ടുണ്ട്.

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 6039.24 കോടി രൂപ (5540 ബില്ലുകൾ

| | | | |
|---|---|---|---|
| | | | - 2024 മാർച്ച് മുതൽ 2025 ഓഗസ്റ്റ് വരെ) കുടിശ്ശിക നല്കുവാനുണ്ട്.<br><br>2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി കേരള വാട്ടർ അതോറിറ്റിയ്ക്ക് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ തത്വത്തിൽ അനുമതി നൽകിക്കൊണ്ടും ആദ്യഘട്ടത്തിൽ 5000 കോടി രൂപ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുന്നതിന് അനുമതി നൽകിക്കൊണ്ടും 15/09/2025-ലെ G.O.(Ms)No.67/2025/WRD നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി, ബഹു. ജലവിഭവ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, മിഷൻ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന, ജില്ലാ തലങ്ങളിൽ ഉൾപ്പെടെ വിവിധതലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും തടസ്സങ്ങൾ നീക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ വിഷയങ്ങളിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെയും, ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ അവലോകനയോഗങ്ങൾ സംഘടിപ്പിച്ച് സ്ഥലലഭ്യത സംബന്ധിച്ചുള്ള പ്രശ്നങ്ങൾക്ക് ആവശ്യമായ പരിഹാരങ്ങൾ കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൽ ജീവൻ മിഷൻ പദ്ധതിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സർക്കാർതലത്തിലും ജില്ലാ തലത്തിലും പ്രസ്തുത യോഗങ്ങൾ തുടർന്നും നടത്തി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്നതാണ്.<br><br>ജൽ ജീവൻ മിഷൻ പദ്ധതിക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കാൻ വിവിധ ഉത്തരവുകൾ  സർക്കാർ ഇതിനോടകം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ പുറംപോക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ഭൂമിയുടെ ഉപയോഗാനുമതി നൽകാനുള്ള അധികാരം 17-06-2022- ലെ നം. സ.ഉ (കൈ)161/2022/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാകളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ജൽ ജീവൻ മിഷൻ പദ്ധതികൾക്കായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകിക്കൊണ്ടുള്ള മാർഗ്ഗരേഖ 01.06.2023 ലെ G.O (MS) No. 32/2023/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>ഇതിനു പുറമെ സർക്കാരിന്റെ 11-12-2023 –ലെ WS-C3/296/2023-WRD നമ്പർ കത്ത് പ്രകാരം പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമായ തുക എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തികൊണ്ട് ആവശ്യമായ നിർദ്ദേശവും നൽകിയിട്ടുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതിക്ക് ആകെ ആവശ്യമുണ്ടായിരുന്ന 92.86 ഏക്കർ (472 ലൊക്കേഷൻ) സർക്കാർ ഭൂമിയിൽ, 89.61 ഏക്കർ ഭൂമി (460 ലൊക്കേഷൻ) ഇതിനോടകം ലഭ്യമായിട്ടുണ്ട്. ഇനി 3.25 ഏക്കർ (12 ലൊക്കേഷൻ) സർക്കാർ ഭൂമി കൂടിയേ ലഭ്യമാകാനുള്ളൂ.<br><br>ജൽ ജീവൻ മിഷൻ പദ്ധതിക്ക് ആകെ ആവശ്യമുണ്ടായിരുന്ന 97.69 ഏക്കർ (779 ലൊക്കേഷൻ) സ്വകാര്യ ഭൂമിയിൽ, 85.05 ഏക്കർ ഭൂമി (732 ലൊക്കേഷൻ) ഇതിനോടകം ലഭ്യമായിട്ടുണ്ട്. ഇനി 12.64 ഏക്കർ (47 ലൊക്കേഷൻ) സ്വകാര്യ ഭൂമി കൂടിയേ ലഭ്യമാകാനുള്ളൂ. |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ കണക്ഷനുകൾ നൽകുമ്പോൾ ആവശ്യമായി വരുന്ന അധിക ജല സ്രോതസ്സുകൾ കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (സി) | പദ്ധതിയുമായി ബന്ധപ്പെട്ട പുതിയ കണക്ഷനുകൾ നൽകുന്നതിനാവശ്യമായ അധിക ജലസ്രോതസുകൾ കണ്ടെത്തുന്നതിന് പദ്ധതികളുടെ രൂപകല്പനാ ഘട്ടത്തിൽ തന്നെ ജില്ലാതല സോഴ്സ് ഫൈൻഡിങ് കമ്മിറ്റികൾ രൂപീകരിച്ച് പരിശോധിച്ചിട്ടുണ്ട്. അതിനനുസരിച്ചുള്ള ആസൂത്രണം പദ്ധതികളിൽ നടത്തിയിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതികളുടെ ദീർഘകാല സുസ്ഥിരത ഉറപ്പാക്കുന്നതിനായി പ്രധാനമായും റിസർവോയറുകളെയും, പുഴകളെയുമാണ് പദ്ധതികളുടെ സ്രോതസ്സുകളായി കണ്ടെത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തൊട്ടാകെ ജൽ ജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 598 സ്രോതസ്സുകളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 53 റിസർവോയർ സ്രോതസ്സുകൾ, 383 പുഴ സ്രോതസ്സുകൾ, 44 ഭൂഗർഭ ജല സ്രോതസ്സുകൾ, 68 കിണർ സ്രോതസ്സുകൾ, 50 നീരുറവ, കുളം, കായൽ സ്രോതസ്സുകൾ എന്നിവ ഉൾപ്പെടുന്നു. ജൽ ജീവൻ മിഷനിലൂടെ ഈ സ്രോതസ്സുകളിൽ നിന്നായി പുതുതായി പ്രതിദിനം 1862.60 ദശലക്ഷം ലിറ്റർ ശുദ്ധജലം ഉത്പാദിപ്പിക്കുന്ന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br><br>ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഉറവിടം, ശുദ്ധീകരണ സംവിധാനം, വിതരണ ശൃംഖല എന്നിവയുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനായി ഉറവിടം, ശുദ്ധീകരണ സംവിധാനം, വിതരണ ശൃംഖല എന്നിവയുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ ജലസ്രോതസ്സുകളുടെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി സംസ്ഥാന വാട്ടർ സെക്യൂരിറ്റി പ്ലാൻ തയ്യാറാക്കുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരം ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്.<br><br>ജൽജീവൻ മിഷൻ ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനപദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതിയാണ്. കൂടാതെ ജലവിഭവ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജൽജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.<br><br>ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി, സംസ്ഥാന മിഷൻ ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി |

പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതോടൊപ്പം ബഹു. എം.എൽ.എ., ബഹു. എം.പി., ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥതല മീറ്റിംഗുകളും നടത്തിവരുന്നു. വിവിധ വകുപ്പുകളുടെ സഹകരണം ആവശ്യമായി വരുന്ന ഘട്ടങ്ങളിൽ പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് സഹകരണം ഉറപ്പാക്കി സംയുക്ത പരിശോധന, ചർച്ചകൾ എന്നിവ നടത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന ജലശുചിത്വ മിഷൻ (SWSM), ജില്ലാതല ജലശുചിത്വ മിഷൻ (DWSM) എന്നിവയിൽ തദ്ദേശസ്വയംഭരണ, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ, പൊതുവിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ പൊതുനിരത്തുകളിലാണ് സ്ഥാപിക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ വകുപ്പുകളുമായും, കേന്ദ്ര സർക്കാർ ഏജൻസികളുമായും ബഹു. മുഖ്യമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഉന്നതതല ഇടപെടൽ ആവശ്യമായ വിഷയങ്ങളിൽ ഉന്നത ഉദ്യോഗസ്ഥരുടെയും, ജനപ്രതിനിധികളുടെയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാനും ശ്രമിക്കുന്നുണ്ട്. മാത്രമല്ല പിഡബ്ല്യുഡി ചീഫ് എഞ്ചിനീയറുടെയും കേരള വാട്ടർ അതോറിറ്റി പ്രോജക്ട് & ഓപ്പറേഷൻ ചീഫ് എഞ്ചിനീയറുടെയും നേതൃത്വത്തിലുള്ള പ്രത്യേക പിഡബ്ല്യുഡി കോർഡിനേഷൻ കമ്മിറ്റിയും പിഡബ്ല്യുഡിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്ത് തടസ്സങ്ങൾ നീക്കം  ചെയ്യുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാർ ഏജൻസികളായ റെയിൽവേ, ഫോറസ്റ്റ്, ദേശീയ ഹൈവേ എന്നിവയിൽ നിന്നുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ദേശീയ ജൽ ജീവൻ മിഷന്റെ

| | | | |
|---|---|---|---|
| | | | നേതൃത്വത്തിലും അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങൾ പരിഹരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ